4. മെക്കാനിക്ക് ഓട്ടോ ഇറക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്

5. കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ്

6. ഡസ്ക് ടോപ്പ് പബ്ലിഷിംഗ് ഓപ്പറേറ്റർ.

സർക്കാർ ഐ.ടി.ഐ.-കൾ

247 (948) ശ്രീ. എ. എം. ആരിഫ് :

ശ്രീ. സാജു പോൾ :

ശ്രീ. ആർ. രാജേഷ് :

ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഐ.ടി.ഐ.-കൾക്ക് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ മാനദണ്ഡം പാലിച്ച് എൻ.സി.വി.ടി. റി-അഫിലിയേഷൻ നേടിയെടുക്കാൻ ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ; എത്ര ഐ.ടി.ഐ.-കളിൽ മാനദണ്ഡപ്രകാരമുള്ള പഠനോപകരണങ്ങളും യന്ത്രസാമഗ്രികളും വർക്ക്ഷോപ്പും ഉണ്ട്;

(ബി) 2015-16-ൽ കൂടി മാത്രം റി-അഫിലിയേഷൻ കൂടാതെ എല്ലാ സർക്കാർ ഐ.ടി.ഐ.-കൾക്കും പ്രവേശനം നൽകാൻ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് അനുമതി നൽകിയ സാഹചര്യത്തിൽ 2016-17-ലെ വിദ്യാർത്ഥി പ്രവേശനം സാധ്യമാകുമോ ;

(സി) ഒരു സർക്കാർ ഐ.ടി.ഐ.-യ്ക്കും റി-അഫിലിയേഷൻ ലഭിക്കാത്ത നിലവിലെ സാഹചര്യം വിദ്യാർത്ഥികളുടെ ഭാവിയെ ബാധിക്കാതിരിക്കാനായി എന്തുചെയ്യാൻ ഉദ്ദേശിക്കുന്നൊന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ റി-അഫിലിയേഷൻ ബാധകമായിട്ടുള്ള 37 ഐ.ടി.ഐ.-കളിൽ QCI-യുടെ മാനദണ്ഡം പാലിച്ച് ടി ഐ.ടി.ഐ.-കൾക്ക് റി-അഫിലിയേഷൻ നേടിയെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ വിവരിക്കുന്നു:

2014-15 സാമ്പത്തിക വർഷം റി-അഫിലിയേഷനുവേണ്ടി 11.46 കോടി രൂപയുടെ ഭരണാനുമതി സർക്കാരിൽനിന്ന് ലഭിച്ചതുപ്രകാരം 17 ഐ.ടി.ഐ.കളിലെ ട്രേഡുകൾക്ക്യൂണിറ്റുകൾക്ക് ഡി.ജി.റ്റി.-യുടെ നിലവിലുള്ള എൻ.സി.വി.റ്റി. സിലബസ് പ്രകാരമുള്ള യന്ത്രസാമഗ്രികളും മറ്റു പഠനോപകരണങ്ങളും സംഭരിച്ച് റി-അഫിലിയേഷൻ നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2015-16 സാമ്പത്തിക വർഷം റീ-അഫിലിയേഷനുവേണ്ടി 15 കോടി രൂപ സർക്കാർ അനുവദിച്ചതിൻ പ്രകാരം 26 ഐ.ടി.ഐ. കളിലെ ട്രേഡുകൾക്ക് യൂണിറ്റുകൾക്ക് ഡി.ജി.റ്റി.-യുടെ നിലവിലുള്ള എൻ.സി.വി.റ്റി. സിലബസ് പ്രകാരമുള്ള യന്ത്രസാമഗ്രികളും മറ്റ് പഠനോപകരണങ്ങളും സംഭരിച്ച് റീ-അഫിലിയേഷൻ നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നടപ്പു സാമ്പത്തിക വർഷത്തിൽ ഇലക്ട്രിഫിക്കേഷനായി 8 കോടി രൂപ വിവിധ ഐ.ടി.ഐ.-കൾക്ക് അനുവദിച്ചിട്ടുണ്ട്. റീ-അഫിലിയേഷൻ ബാധകമായിട്ടുള്ള കണ്ണൂർ (വനിത)ഐ.ടി.ഐ-യിൽ QCI-യുടെ മാനദണ്ഡപ്രകാരമുള്ള പഠനോപകരണങ്ങളും യന്ത്രസാമഗ്രികളും വർക്ക്ഷോപ്പും ഉണ്ട്. 51 ഐ.ടി.ഐ.-സ്ക് റീ-അഫിലിയേഷൻ നേടുന്നതിന് കൗൺസിൽ ഓഫ് ഇന്ത്യയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) സാധ്യമാകും. റീ-അഫിലിയേഷൻ ബാധകമായിട്ടുള്ള ഐ.ടി.ഐ.കളിൽ നിലവിലുള്ള സാഹചര്യത്തിൽ ഡി.ജി.റ്റി.-യുടെ അനുമതി ഇല്ലാതെ തന്നെ ആഗസ്റ്റ് 2016 സെഷനിൽ വിദ്യാർത്ഥി പ്രവേശനം നടത്തുവാൻ സാധിക്കുന്നതാണ്. എന്നാൽ 51 ഐ.ടി.ഐ.-കളിൽ ആഗസ്റ്റ് 2016 സെഷനിൽ അഫിലിയേഷനുള്ള ട്രേഡുകളിൽ പ്രവേശനം നേടി വിജയകരമായി പരിശീലനം പൂർത്തിയാക്കി പരീക്ഷ വിജയിക്കുന്നവർക്കുള്ള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് നൽകുന്നത് ഡി.ജി.റ്റി.-യുടെ അംഗീകാരത്തിന് വിധേയമായിട്ടായിരിക്കും.

(സി) റീ-അഫിലിയേഷൻ ബാധകമായിട്ടുള്ള ഐ.ടി.ഐ. കളിലെ ട്രേഡുകൾക്ക്/യൂണിറ്റുകൾക്ക് നിലവിലുള്ള എൻ.സി.വി.റ്റി. സിലബസ് അനുസരിച്ച് പഠനോപകരണങ്ങളും യന്ത്രസാമഗ്രികളും സംഭരിക്കുന്നതിനും വർക്ക്ഷോപ്പ് സജ്ജമാക്കുന്നതിനുമുള്ള നടപടികൾ ടെയിനിംഗ് ഡയറക്ടർ ത്വരിതപ്പെടുത്തിയിട്ടുണ്ട്.

തെങ്ങുകയറ്റ തൊഴിലാളികളുടെ ക്ഷേമം

248 (949) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തെങ്ങുകയറ്റ തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തെങ്ങുകയറ്റ തൊഴിലിനിടയിൽ അപകടം സംഭവിക്കുന്ന തൊഴിലാളികൾക്ക് എന്തെല്ലാം ആശ്വാസ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ജോലിക്കിടയിൽ അപകട മരണം സംഭവിക്കുന്ന തൊഴിലാളികൾക്ക് എത്ര ധനസഹായം നൽകുമെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly